**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2570** **21-01-2021 - ൽ മറുപടിയ്ക്ക്**

**കരകൗശല വ്യവസായവും വിനോദ സഞ്ചാരവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . കെ. യു. അരുണൻ | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കരകൗശല വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ വിനോദ സഞ്ചാരവുമായി ബന്ധപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | പ്രാദേശിക കലാകാരന്മാരെയും, കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നവരെയും കണ്ടെത്തി യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഓൺലൈൻ ആയും ഓഫ് ലൈൻ ആയും ടൂറിസം രംഗവുമായി ബന്ധിപ്പിക്കുന്നതിനായി ഓൺലൈൻ പ്ലാറ്റ്ഫോം ഉത്തരവാദിത്ത ടൂറിസം മിഷൻ വികസിപ്പിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കരകൗശല നിർമ്മാതാക്കളുടെ ഉൽപ്പന്നങ്ങൾ ഈ പ്ലാറ്റ്ഫോം വഴി വിൽക്കുന്നതിനു സഹായകരമാണ്. ടൂറിസം രംഗത്ത് നിന്നുള്ളവർക്കു മാത്രമല്ല ആർക്കു വേണമെങ്കിലും ഈ പ്ലാറ്റ്ഫോമുകൾ വഴി കരകൗശല വസ്തുക്കൾ വാങ്ങുന്നതിന് സൗകര്യം ഉണ്ട്. സ്വന്തമായി ഓൺലൈൻ വഴി ഉൽപ്പന്നങ്ങൾ വിൽക്കുവാൻ സാധിക്കാത്ത തീർത്തും സാധാരണക്കാരായ ജനങ്ങൾക്ക് സൗജന്യമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ കേരള ആർ.ടി. നെറ്റ്‌വർക്ക് എന്ന പ്ലാറ്റ് ഫോം വഴി അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള അവസരം ലഭിക്കുന്നു. അതോടൊപ്പം തന്നെ താൽപ്പര്യമുള്ള വിനോദ സഞ്ചാരികൾക്ക് വിവിധ കരകൗശല വസ്തുക്കളുടെ നിർമ്മാണം പഠിക്കുന്നതിനുള്ള അവസരം ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലേർണിംഗ് എക്സ്പീരിയൻസ് പാക്കേജിലൂടെ ഒരുക്കുക വഴി മറ്റൊരു വരുമാന മാർഗ്ഗവും കരകൗശല മേഖലയ്ക്ക് ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ